പ്രധാനലക്ഷ്യം. കൂടാതെ അണക്കെട്ട് സുരക്ഷാവിഭാഗത്തിന്റെ ശാക്തീകരണവും ഡ്രിപ് വിഭാവനം ചെയ്യുന്നുണ്ട്. ഡാമുകളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നുള്ള ഒരു ലക്ഷ്യംകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഡ്രിപ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 6-2-2013-ലെ സ.ഉ.(സാധാ) നമ്പർ 110/2013/ജ.വി.വ. പ്രകാരം ജലസേചന വകുപ്പിന്റെ പദ്ധതികൾക്കായി 158 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾക്കായി 29-1-2014-ലെ സ.ഉ.(സാധാ) നം. 28/2014/പി.ഡി. പ്രകാരം 153.731 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഡ്രിപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യവികസനവുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. അണക്കെട്ടുകളുടെയും ബന്ധപ്പെട്ട സാഡിൽ ഡാമുകളുടെയും അറ്റകുറ്റപ്പണികളും നവീകരണപ്രവർത്തനങ്ങളും ഷട്ടറുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികളും നവീകരണവും ഇതിൽ ഉൾപ്പെടുന്നു. അണക്കെട്ട് പ്രദേശത്തെയും അനുബന്ധ ഭാഗങ്ങളുടെയും വൈദ്യുതീകരണം, അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും ഭൂമി സംരക്ഷണ പ്രവർത്തനങ്ങൾ, അണക്കെട്ടുകളുടെ സുരക്ഷാക്രമീകരണങ്ങൾക്കുള്ള നടപടികൾ എന്നിവ കൂടി പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്ക് വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80% ലോകബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്. ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള IDA (International Development Association), IBRD (International Bank for Reconstruction and Development) എന്നീ ഏജൻസികൾ വഴി 50:50 എന്ന അനുപാതത്തിലാണ് ലോകബാങ്ക് വായ്പ ലഭിക്കുന്നത്. സങ്കീർണ്ണമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും ലോകബാങ്ക് ടാസ്ക് ടീം സന്നദ്ധമാണ്.

(ഇ) ആറ് വർഷമാണ് ഡ്രിപ്പ് പദ്ധതിയുടെ കാലയളവ്. 18-4-2012-ൽ പദ്ധതി നിലവിൽ വന്നു.

തൊഴിൽ മേഖലയിലെ മിനിമം വേതനം

19 (*649) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിൽ ഇപ്പോൾ നിലവിലുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിലാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കിവരുന്നു.

(ബി) 74 തൊഴിൽ മേഖലകളിലും നിയമം അനുശാസിക്കുംവിധം യഥാസമയം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ, ക്ലെയിം പെറ്റിഷൻ ഫയൽ ചെയ്യൽ എന്നിവ സ്വീകരിച്ചുവരുന്നു.

സ്വാശ്രയ ആർട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്ക് ധനസഹായം

20 (*650) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിന് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിന് മേൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു നിലവിൽ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തരമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പൊതുഉത്തരവിലെ ജി.ഒ.(പി) നമ്പർ. 50/2009/പ.ജാ.പ.വ.വി.വ. തീയതി 2-7-2009 മാനദണ്ഡങ്ങൾക്ക് വിധേയമായി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്നുപഠിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly